REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 31-03-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് ഇന്നലെ 20 നാമ നിർദ്ദേശ പത്രികകൾ സമർപ്പിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- ക്രൈസ്തവർ ഇന്ന് ഈസ്റ്റർ ആഘോഷിക്കുന്നു.
- ഷൊർണ്ണൂർ - നിലമ്പൂർ ഒറ്റവരി പാതയുടെ വൈദ്യുതീകരണം പൂർത്തിയായി.
- സംസ്ഥാനത്ത് ബുധനാഴ്ച വരെ ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജെയിന്റ്സ്, പഞ്ചാബ് കിങ്സ് നെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് ഇന്നലെ വിവിധ മണ്ഡലങ്ങളിലായി 20 നാമ നിർദ്ദേശ പത്രികകൾ സമർപ്പിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

ചാലക്കുടിയിൽ അഞ്ചും കോഴിക്കോട് നാലും പത്തനംതിട്ട, മലപ്പുറം മണ്ഡലങ്ങളിൽ മൂന്നു വീതവും

ആറ്റിങ്ങൽ, കോട്ടയം മണ്ഡലങ്ങളിൽ രണ്ട് വീതവും, എറണാകുളത്ത് ഒന്നും പത്രികകളാണ് സമർപ്പിച്ചത്.

✪✪✪

മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഉത്തർപ്രദേശിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇന്ന് തുടക്കം കുറിക്കും.

ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, രാഷ്ട്രീയ ലോക്ദൾ അധ്യക്ഷൻ ജയന്ത് ചൗധരി തുടങ്ങി നിരവധി നേതാക്കൾ ചടങ്ങിൽ പങ്കെടുക്കും. ഏഴ് ഘട്ടങ്ങളിലായാണ് ഉത്തർപ്രദേശിൽ വോട്ടെടുപ്പ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു 11 സ്ഥാനാർത്ഥികളുടെ പട്ടിക കൂടി BJP പുറത്തിറക്കി. യുഎസിലെ മുൻ ഇന്ത്യൻ അംബാസഡർ തരൺജിത് സിംഗ് സന്ധു അമൃത്സർ ലോക്സഭാ മണ്ഡലത്തിൽ മത്സരിക്കും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു 11 സ്ഥാനാർത്ഥികളുടെ പട്ടിക കൂടി BJP പുറത്തിറക്കി. യുഎസിലെ മുൻ ഇന്ത്യൻ അംബാസഡർ തരൺജിത് സിംഗ് സന്ധു അമൃത്സർ ലോക്സഭാ മണ്ഡലത്തിൽ മത്സരിക്കും.

✪✪✪

പ്രതിപക്ഷ സഖ്യമായ I.N.D.I.A ഇന്ന് ന്യൂഡൽഹിയിലെ രാംലീല മൈതാനിയിൽ 'ജനാധിപത്യ സംരക്ഷണ റാലി'

സംഘടിപ്പിക്കും. കോൺഗ്രസ്, NCP, ശിവസേന (യുബിടി), സമാജ്‌വാദി പാർട്ടി, ആം ആദ്മി പാർട്ടി, RJD, DMK, നാഷണൽ കോൺഫറൻസ്, ജാർഖണ്ഡ് മുക്തി മോർച്ച, ഇടതുപക്ഷം തുടങ്ങിയ പാർട്ടികളുടെ പ്രമുഖ നേതാക്കൾ റാലിയിൽ പങ്കെടുക്കും.

രാജ്യത്ത് വർദ്ധിച്ചുവരുന്ന പണപ്പെരുപ്പം, തൊഴിലില്ലായ്മ, സാമ്പത്തിക അസമത്വം, സാമൂഹിക ധ്രുവീകരണം എന്നിവ റാലിയിലെ പ്രധാന വിഷയങ്ങളായിരിക്കുമെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേഷ് പറഞ്ഞു.

✪✪✪

ഗവൺമെന്റ് സംവിധാനങ്ങളെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിച്ചെന്ന പരാതിയിൽ പത്തനംതിട്ടയിലെ LDF സ്ഥാനാർഥി ഡോ. ടി.എം തോമസ് ഐസക്കിന് ജില്ലാ വരണാധികാരിയുടെ താക്കീത്. കുടുംബശ്രീ അടക്കം ഗവൺമെന്റ് സംവിധാനങ്ങളെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിച്ചെന്ന പരാതിയെ തുടർന്നു നടത്തിയ അന്വേഷണത്തിലാണ് തോമസ് ഐസക്കിന് ജില്ലാ വരണാധികാരിയായ ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ താക്കീത് നൽകിയത്.

UDF ജില്ലാ ചെയർമാൻ വർഗീസ് മാമനാണ് ചട്ടലംഘനം സംബന്ധിച്ച് പരാതി നൽകിയത്. പന്തളം തെക്കേക്കര പഞ്ചായത്തിലെ പറപ്പെട്ടിയിൽ നടന്ന കുടുംബശ്രീ യോഗത്തിൽ പങ്കെടുത്തവർക്ക് വനിതാ വികസന കോർപ്പറേഷന്റെ വായ്പ നൽകുമെന്ന് സ്ഥാനാർഥി വാഗ്ദാനം

ചെയ്തുവെന്നും കെ- ഡിസ്കിന്റെ സൗകര്യങ്ങൾ പ്രചാരണത്തിന് ഉപയോഗിക്കുന്നു എന്നുമായിരുന്നു പരാതി. ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ കളക്ടർ പരിശോധിച്ചിരുന്നു. വിശദമായ അന്വേഷണത്തിൽ കുടുംബശ്രീ യോഗത്തിൽ ചട്ടലംഘനം നടന്നതായി ബോധ്യപ്പെട്ടതിനെ തുടർന്നാണ് ചട്ടലംഘനം ആവർത്തിക്കരുതെന്ന താക്കീത് നൽകിയത്.

✪✪✪

തിരുവനന്തപുരം ലോക് സഭാ മണ്ഡലത്തിൽ നാമനിർദേശ പത്രികാ സമർപ്പണം ആരംഭിച്ചതോടെ തിരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ആവേശകരമായി.

കടുത്ത വേനൽ ചൂടിനെ അവഗണിച്ച് മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ വോട്ട് ഉറപ്പിക്കാൻ കഠിന ശ്രമത്തിലാണ്.

3 കക്ഷിരഹിത സ്ഥാനാർത്ഥികൾ ഉൾപ്പെടെ 4 പേരാണ് മണ്ഡലത്തിൽ ഇതുവരെ പത്രിക സമർപ്പിച്ചത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി റെജു കോലിയക്കോട്.

.............വോയ്സ്................

✪✪✪

NDA തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രകാശ് ജാവദേക്കർ M.P ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ സംബന്ധിക്കും. രാവിലെ വിവിധ ഇടങ്ങളിലെ ഈസ്റ്റർ ആഘോഷങ്ങളിൽ

സംബന്ധിക്കുന്ന അദ്ദേഹം കോഴിക്കോട് ലോക്സഭാ മണ്ഡലം തെരഞ്ഞെടുപ്പ് BJP ടീം യോഗത്തിലും സംബന്ധിക്കും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ വിവിധ മണ്ഡലങ്ങളിലെ 33 പോളിംഗ് സ്റ്റേഷനുകൾ പുതിയ സ്ഥലങ്ങളിലേക്ക് മാറ്റി.

പോളിംഗ് സ്റ്റേഷനുകളുടെ കെട്ടിടത്തിന് ക്ഷതം സംഭവിച്ചതും കെട്ടിടം ഉപയോഗ്യശൂന്യമായതും കണക്കിലെടുത്ത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കളക്ടർ സമർപ്പിച്ച നിർദ്ദേശ പ്രകാരമാണ് നടപടി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചാലക്കുടി പാർലമെന്റ് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന നിരീക്ഷണ സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കാൻ മണ്ഡലം ചെലവ് വിഭാഗം നിരീക്ഷകൻ അരവിന്ദ് കുമാർ സിംഗിന്റെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗം തീരുമാനിച്ചു.

ക്രമക്കേടുകൾ തടയാൻ ഉദ്യോഗസ്ഥർ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും അതിർത്തി പ്രദേശങ്ങളിൽ നിരീക്ഷണം ശക്തമാക്കണമെന്നും അദ്ദേഹം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

✪✪✪

പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ പോസ്റ്ററുകൾ / പരസ്യം / ചുമരെഴുത്ത് എന്നിവ നീക്കം ചെയ്ത സ്ഥാനത്ത് വീണ്ടും പതിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും നടപടി സ്വീകരിക്കുമെന്നും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന യോഗങ്ങൾ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കണം എന്നും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

കോട്ടയം ജില്ലയിൽ പെരുമാറ്റച്ചട്ട ലംഘനങ്ങൾ സംബന്ധിച്ച് സി-വിജിൽ മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങളിൽ നിന്ന് ഇതിനോടകം 1,333 പരാതികൾ ലഭിച്ചു. പൊതു സ്ഥലങ്ങളിൽ പതിച്ച പോസ്റ്ററുകൾ, ബാനറുകൾ എന്നിവയ്ക്കെതിരെയാണ് പരാതികളിലേറെയും. ആപ്ലിക്കേഷൻ വഴി ലഭിച്ച പരാതികൾ എല്ലാം പരിഹരിച്ചതായി അധികൃതർ അറിയിച്ചു.

✪✪✪

ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ അനധികൃതമായി സ്ഥാപിച്ച 29,222 പ്രചാരണ സാമഗ്രികൾ ആന്റി ഡീഫേസ്മെന്റ് സ്ക്വാഡുകൾ ഇതുവരെ നീക്കം ചെയ്തു.

പൊതുസ്ഥലങ്ങളിലും സ്വകാര്യ സ്ഥലത്തും സ്ഥാപിച്ചിരുന്ന 25,661 പോസ്റ്ററുകളും 3,168 ബാനറുകളും 392 കൊടിതോരണങ്ങളും ഒരു ചുവരെഴുത്തുമാണ് നീക്കം ചെയ്തത്.

✪✪✪

കോഴിക്കോട് തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണ സെല്ലിന് കീഴിലെ സ്റ്റാറ്റിക്ക് സർവൈലൻസ് സ്ക്വാഡ് മതിയായ രേഖകളില്ലാതെ കൊണ്ടുപോയ ഒരു ലക്ഷത്തി 77,400 രൂപ പിടികൂടി.

ഇതുവരെ ജില്ലയിൽ എക്സ്പെൻഡിച്ചർ മോണിറ്ററിംഗ് സെല്ലിന് കീഴിലെ വിവിധ സ്ക്വാഡുകൾ മതിയായ രേഖകളുടെ അഭാവത്തിൽ കൊണ്ടുപോയ 34 ലക്ഷത്തി 41,900 രൂപ പിടികൂടിയിട്ടുണ്ടെന്ന് എക്സ്പെൻഡിച്ചർ മോണിറ്ററിംഗ് സെൽ അറിയിച്ചു.

ഇതിൽ ഒരു വ്യക്തിയിൽ നിന്നു മാത്രം പിടികൂടിയ 31 ലക്ഷം രൂപ ആദായ നികുതി വകുപ്പിന് കൈമാറി.

✪✪✪

ലോകമെമ്പാടും ക്രൈസ്തവർ ഇന്ന് ഈസ്റ്റർ ആഘോഷിക്കുന്നു. കുരിശു മരണത്തിന്റെ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ യേശുക്യസ്തു മഗ്ദലന മറിയത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുന്നതിന്റെ ഓർമ്മ പുതുക്കിയാണ് ഈസ്റ്റർ ആഘോഷം. അൻപത് നോമ്പാചരണത്തിന്റെ സമാപനം കൂടിയാണ് പ്രത്യാശയുടെ സന്ദേശം പകരുന്ന

ഈസ്റ്റർ ദിനം. ഓശാന ഞായർ മുതൽ ആരംഭിച്ച വിശുദ്ധ വാരാചരണത്തിന് ഇതോടെ സമാപനമാകും.

ഈസ്റ്റർ ദിനത്തിൽ ഇന്ന് പള്ളികളിൽ ഉയിർപ്പ് തിരുകർമ്മങ്ങൾ, ദിവ്യബലി, പ്രത്യേക പ്രാർത്ഥനകൾ എന്നിവ ഉണ്ടാകും.

✪✪✪

ഈസ്റ്റർ ആഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് മദർ ഓഫ് ഗോഡ് കത്തീഡ്രലിൽ ഉയിർപ്പു തിരുന്നാൾ ദിവ്യബലി നടന്നു.

കോഴിക്കോട് രൂപത അദ്ധ്യക്ഷൻ ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ നേതൃത്വം നൽകി.

✪✪✪

ഈസ്റ്ററിനോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ വിവിധ ദേവാലായങ്ങളിൽ വിവിധ ചടങ്ങുകൾ നടന്നു.

തലശ്ശേരി സെന്റ് ജോസഫ് ദേവാലയത്തിൽ പുലർച്ചെ നടന്ന ചടങ്ങുകൾക്ക് ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നേതൃത്വം നൽകി.

കണ്ണൂർ ബർണശ്ശേരി ഹോളി ട്രിനിറ്റി ദേവാലയത്തിൽ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല നേതൃത്വം തൽകി.

✪✪✪

ഷൊർണ്ണൂർ - നിലമ്പൂർ ബ്രോഡ് ഗേജ് ഒറ്റവരി പാത വൈദ്യുതീകരണം പൂർത്തിയായതായി റെയിൽവേ അറിയിച്ചു. 65.12 കിലോമീറ്റർ ദൈർഘ്യം വരുന്ന പാത

വൈദ്യുതീകരിച്ചതിന്റെ പരിശോധന ദക്ഷിണ റെയിൽവെ പ്രിൻസിപ്പൽ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനിയർ AK സിദ്ധാർത്ഥ യുടെ നേതൃത്വത്തിൽ നടന്നു. ഇതോടെ പാലക്കാട് ഡിവിഷനിൽ റെയിൽ പാത വൈദ്യുതീകരണം പൂർത്തിയായതായും അധികൃതർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം ജില്ലയിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജെയിന്റ്സ്, പഞ്ചാബ് കിങ്സ് നെ പരാജയപ്പെടുത്തി. ലഖ്നൗ യിൽ നടന്ന മത്സരത്തിൽ 21 റൺസിനാണ് സൂപ്പർ ജെയ്ന്റ്സിന്റെ വിജയം.

ഇന്ന് വൈകീട്ട് 3.30 ന് അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സ്, ഹൈദരബാദുമായും രാത്രി 7.30 ന് വിശാഖപട്ടണത്ത് ഡൽഹി ക്യാപിറ്റൽസ്, ചെന്നൈ സൂപ്പർ കിങ്സു മായും ഏറ്റുമുട്ടും.

✪✪✪

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - ജംഷഡ്പ്പൂർ FC മത്സരം സമനിലയിൽ പിരിഞ്ഞു. ജംഷഡ്പ്പൂരിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ നേടി.

ഇന്ന് രാത്രി 7.30 ന് കൊൽക്കത്തയിൽ മോഹൻബഗാൻ സൂപ്പർ ജയന്റ്സ്, ചെന്നൈയിൻ FC- യുമായി ഏറ്റുമുട്ടും.

✪✪✪

സ്പെയിൻ മാസ്റ്റേഴ്സ് സൂപ്പർ 300 ബാറ്റ്മിന്റൺ മിക്സഡ് ഡബിൾസ് സെമിയിൽ ദമ്പതികൾ കൂടിയായ ഇന്ത്യയുടെ എൻ സിക്കി റെഡ്ഡി - ബി സുമിത് റെഡ്ഡി സഖ്യം പരാജയപ്പെട്ടു. മാഡ്രിഡിൽ നടന്ന മത്സരത്തിൽ നേരിട്ടുള്ള സെറ്റുകൾക്ക് ഇന്തൊനേഷ്യൻ സഖ്യമാണ് അവരെ തോൽപ്പിച്ചത്.

✪✪✪

പാലക്കാട് ജില്ലയിലെ നെന്മാറ-വല്ലങ്ങി വേലകൾക്ക് വെടിക്കെട്ട് അനുമതി നൽകിയതായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അറിയിച്ചു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പുനഃപരിശോധന നടത്തിയതിൽ അപേക്ഷ നിരസിക്കാനുണ്ടായ പോരായ്മകൾ പരിഹരിച്ചതായി ബോധ്യപ്പെട്ടതിനാലാണ് വെടിക്കെട്ട് അനുമതി നൽകിയതെന്ന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അറിയിച്ചു.

✪✪✪

കൈക്കൂലി വാങ്ങുന്നതിനിടെ റേഷനിങ് ഇൻസ്പെക്ടറും വില്ലേജ് ഫീൽഡ് അസിസ്റ്റന്റും വിജിലൻസിന്റെ പിടിയിലായി.

റേഷൻ കട പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് കടയുടമയിൽ നിന്ന് 1,000 രൂപ കൈക്കൂലി വാങ്ങുന്നതിനിടെ ആലപ്പുഴ അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസിലെ റേഷണിങ് ഇൻസ്പെക്ടർ പീറ്റർ ചാൾസ് ആണ് പിടിയിലായത്. സ്ഥല പരിശോധനക്കായി പരാതിക്കാരനിൽ നിന്ന് 20,000 രൂപ കൈക്കൂലി വാങ്ങുന്നതിനിടയിലാണ് കാസർക്കോട് അഡൂർ വില്ലേജ് അസിസ്റ്റന്റ് നാരായണനെ വിജിലൻസ് പിടികൂടിയത്.

✪✪✪

കോഴിക്കോട് കോടഞ്ചേരി പത്തിപ്പാറ കോളനിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 50തിൽ പരം കുടുംബങ്ങൾക്ക് അടിയന്തരമായി കുടിവെള്ളം ലഭ്യമാക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദേശിച്ചു.

കുടിവെള്ളം നൽകിയ ശേഷം 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജൂഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥ് കോടഞ്ചേരി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. കോഴിക്കോട് നടക്കുന്ന അടുത്ത സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

✪✪✪